(iv) Grant of house sites to Ex-service men

മിസ്റ്റർ കെ. കെ. കണ്ണൻ: To reduce the allotment of Rs. 6, 89, 233 for Land Revenue in Demand No. 1 by Re 1 (പട്ടാളത്തിൽ പോയി മടങ്ങിവന്നിട്ടുള്ളവരിൽ സ്ഥലമുള്ളവ ക്ക് പുറമ്പോക്ക ഭൂമികൂടി കൊടുക്കുന്നതു് അനാവശ്യമാണെന്നു ചൂണ്ടിക്കാണിക്കുവാൻ)

മിസ്റ്റർ സി. അർ. ഇയ്യുണ്ണി: ഒരു കാര്യം പറയാം.

"The idea of this seheme is that every War Service man combatant or non-conbatant should first be given a house site to construct a house to live in. This will apply to every war service man who has no house of his own".

വാർ സർവ്വീസ്സുകാരിൽ വീടുള്ളവക്ക് സ്ഥലം കൊടുക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നു വിശദീകരിക്കാനാണു് ഞാൻ ഇതിവിടെ വായിച്ചതു്.

മിസ്റ്റർ കെ. കെ. കണ്ണൻ: ഞാൻ ഈ ഉപക്ഷേപം സഭയുടെ അനുവാദത്തോടുകൂടി പിൻവലിക്കുന്നു.

Motion, by leave, withdrawn

(v) Cremation Ground—Depressed classes

മിസ്റ്റർ കെ. കെ. കണ്ണൻ: To reduce the allotment of Rs. 6, 89, 233 for Land Revenue in Demand No. 1 by Re. 1.

(അധഃകൃതരുടെ ശ്മശാന സ്ഥലങ്ങൾ പലതും ഭക്ഷ്യോൽപാദന പരിപാടിയനുസരിച്ചു് പാട്ടത്തിനു കൊടുത്തിട്ടുള്ള അനാശാസ്യമായ നടപടിയെക്കുറിച്ചു് ഗവൺമെണ്ടിനെ ഉൽബോധിപ്പിക്കാൻ.)

സർ, അധഃകൃതർക്കു കൊടുത്തിട്ടുള്ള ശ്മശാന സ്ഥലങ്ങൾ ചിലതു് ഫുഡ്"പ്രൊഡക്"ഷൻ സ്കീം നടപ്പിൽ വന്നതോടുകൂടി ഇതരസമുദായങ്ങളിലെ ചിലർക്കു് ഭക്ഷ്യ പദാർത്ഥങ്ങൾ കൃഷിചെയ്യാനെന്നുംപറഞ്ഞു് എല്പിച്ചുകൊടുത്തിട്ടുണ്ടെന്നു് എനിക്കു റിപ്പോർട്ട് കിട്ടിയിട്ടുണ്ടു്. ആ ആക്ഷേപം ഞാൻ അതാതുസമയം ഗവൺമെണ്ടിനെ അറിയിച്ചിട്ടുമുണ്ടു്. അതിൽ ചിലതു് ഫുഡ്"പ്രൊഡക്"ഷൻ സ്കീം നിറുത്തൽ ചെയ്യുമ്പോൾ തിരിച്ചു കൊടുക്കുന്നതാണെന്നു് മറുപടിയും തന്നിട്ടുണ്ടു്. പക്ഷെ എനിക്കു പറയാനുള്ളതു് അധഃകൃതർ മരിച്ചാൽ കഴിച്ചിടാനുള്ള സ്ഥലംപോലും ചില സ്ഥലങ്ങളിൽ അവർക്കു കിട്ടുന്നില്ലെന്ന സങ്കടാവസ്ഥ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽപെടുത്താനാണു് ഈ കട്ടമോഷൻ കൊണ്ടുവന്നിട്ടുള്ളതെന്നാണു്. അധഃകൃതർ അധികവും അന്യന്മാരുടെ സ്ഥലത്താണു താമസിക്കുന്നതു്. മറ്റൊരു സംഗതി അവർ മരിച്ചുകഴിഞ്ഞാൽ ശവം പൊതുശ്മശാനങ്ങളിലേക്കു കൊണ്ടുപോകാൻ സാധിക്കത്തക്കസൌകര്യമുള്ള സ്ഥലങ്ങളിലല്ലാ അവർ താമസിക്കുന്നതെന്നുള്ളതും പ്രത്യേകം പറയേണ്ടതുണ്ടു്. ഇങ്ങിനെ വളരെ കാലമായി ശവം മറവുചെയ്യുന്നകാര്യത്തിൽ അവർക്കു വളരെ ബുദ്ധിമുട്ടു നേരിട്ടുണ്ടു്. മിക്ക സ്ഥലങ്ങളിലും പറമ്പുടമസ്ഥന്മാർ അവർ താമസിക്കുന്ന സ്ഥലത്തു മറവു ചെയ്യുന്നതിനു് അനുവദിക്കുകയില്ല. ഇങ്ങിനെ അവർ കഷ്ടതകളനുഭവിച്ചുവരുമ്പോൾ ഇപ്പോൾ ഗവൺമെണ്ടിൽനിന്നു് അനുവദിച്ചുകൊടുത്തിട്ടുള്ള സ്ഥലമെങ്കിലും അന്യന്മാരുടെ കൈവശമാക്കാതെ അവർക്കു പരിരക്ഷ നല്കണമെന്നാണു് ഈ പ്രമേയംകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു്. കലയേറിക്കര, മേലൂർ, കാറളം തുടങ്ങിയ പല സ്ഥലങ്ങളിലേയും ശ്മശാനങ്ങൾ ഇന്നു മറവുള്ളവക്കു കൃഷിക്കായി ഗവൺമെണ്ടു കൊടുത്തിട്ടുണ്ടു്. ഇതു് അനാശാസ്യ നടപടിയാണു്. ചത്താൽ കഴിച്ചിടാനുള്ള സ്ഥലംപോലും ഇല്ലാതെ അധഃകൃതർ സങ്കടമനുഭവിക്കുകയാണു്. അധഃകൃതരുടെ കാര്യം പറയുമ്പോൾ നെറി ചുളിക്കുന്ന ചില മെംബറന്മാർ ഇവിടെയുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ആരാണു്?

മിസ്റ്റർ കെ. കെ. കണ്ണൻ: പേർ പറയണമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല.

മിസിസ്സ് ടി ഫ്രാൻസിസ്സ്: ഫുഡ്"പ്രൊഡക്"ഷനുവേണ്ടി പാട്ടത്തിനു കൊടുത്തിട്ടുണ്ടെന്നു പറയുന്ന ശ്മശാന സ്ഥലങ്ങളിൽ വല്ല ധാന്യങ്ങളും വളർന്നുവന്നു് നമ്മൾക്കു ഭക്ഷണത്തിനായി കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly